# Desabhimani

## 17 July 2018

## Muvattupuzha, Flood, Merchants in Distress



# മൂവാറ്റുപുഴയിൽ കടകളിൽ വെള്ളം കയറി

**മൂവാറ്റുപുഴ**

മൂവാറ്റുപുഴയാർ കരകവിഞ്ഞതിനെത്തുടർന്ന് വെള്ളം കയറിയ മൂവാറ്റുപുഴ നഗരത്തിൽ വ്യാപാരികൾ ദുരിതത്തിലായി. വ്യാപാരസ്ഥാപനങ്ങളിൽ നിന്നും മറ്റു കച്ചവടസ്ഥാപനങ്ങളിൽനിന്നും സാധനസാമഗ്രികൾ മാറ്റി. കൊച്ചങ്ങാടി, ന്യൂ ബസാർ റോഡ്, എവറസ്റ്റ് കവല, വൺവേ റോഡ്, മാർക്കറ്റ്, പേട്ട, ഇലാഹിയ റോഡ് തുടങ്ങിയ പ്രദേശങ്ങളിലെ സ്ഥാപനങ്ങൾ, കടകൾ, സംഭരണശാലകളിൽനിന്നുമാണ് സാധനങ്ങൾ മാറ്റിയത്. നിർത്താതെ പെയ്ത മഴയെത്തുടർന്ന് തിങ്കളാഴ്ച പുലർച്ചെ മൂന്നോടെ പുഴ കരകവിഞ്ഞുതുടങ്ങിയത് കച്ചവടക്കാരെ ബുദ്ധിമുട്ടിലാക്കി. താഴ്ന്നപ്രദേശങ്ങളിലെ സ്ഥാപനങ്ങളിലെ ഉപകരണങ്ങളും മറ്റും ഇതുവരെ മാറ്റാൻകഴിഞ്ഞിട്ടില്ല. പലതും വെള്ളത്തിലായി. കച്ചവടക്കാരെ സഹായിക്കാൻമൂവാറ്റുപുഴ മർച്ചന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ വാഹനങ്ങളും മറ്റു സൗകര്യങ്ങളും ഒരുക്കി.